(4) ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

2017 മാർച്ച് 16-ാം തീയതി നിയമനിർമ്മാണകാര്യത്തിനു മുൻപ്, 2000-ലെ സ്പോർട്സ് ആക്ടിൽ സമൂലമായ ഭേദഗതി വരുത്തി 2015-ൽ കേരള സ്പോർട്സ് (ഭേദഗതി) ആക്ട് പാസ്സാക്കിയെങ്കിലും പുതുക്കിയ നിയമപ്രകാരമുള്ള ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ലെന്നും 2015-ലെ സ്പോർട്സ് ആക്ടിൽ വരുത്തിയ ഭേദഗതിക്കനുസൃതമായ ചട്ടങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കുന്നതിന് റൂളിംഗ് നൽകണമെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

2015 സെപ്റ്റംബർ 18-ന് പ്രാബല്യത്തിൽ വന്ന സ്പോർട്സ് (ഭേദഗതി) ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന - ജില്ലാ സ്പോർട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിക്കുകയും ജില്ലാ സ്പോർട്സ് കൗൺസിലിൽ പ്രസിഡന്റുമാരെ നാമനിർദ്ദേശം ചെയ്യുകയും ചെയ്തു. ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഹർജികൾ നിലവിലുള്ളതിനാൽ ചട്ടങ്ങൾ രൂപീകരിക്കാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട കൗൺസിലുകളെ പ്രാബല്യത്തിൽ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും ഇതനുസരിച്ച് ആക്ടിൽ ഭേദഗതിയോടെ ചട്ടങ്ങൾ രൂപീകരിക്കുന്ന

നടപടികളിലേയ്ക്ക് നീങ്ങുന്നതാണെന്നും ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി *

" ഇതേ ക്രമപ്രശ്നത്തിന് നേരത്തെ സഭയിൽ റൂളിംഗ് നൽകിയിട്ടുള്ളതാണ്. സഭ പാസ്സാക്കുന്ന നിയമങ്ങൾക്ക് ചട്ടങ്ങളുണ്ടാകേണ്ടത് നിർബന്ധമാണ്. നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്ക് എത്രയും പെട്ടെന്ന് ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് വീണ്ടും ചെയർ റൂൾ ചെയ്യുന്നു. സഭ പാസ്സാക്കിയ നിയമങ്ങളനുസരിച്ച് ചട്ടങ്ങൾ യഥാസമയം നിർമ്മിക്കുകയും അവ കരട് രൂപത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾക്ക് മുൻകൂർ പരിശോധനയ്ക്കായി നൽകുകയും ചെയ്യുന്ന കാര്യത്തിൽ ചെയറിൽനിന്ന് നേരത്തെയുള്ള നിർദ്ദേശം ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് വീണ്ടും റൂൾ ചെയ്യുന്നു." ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

* XIV KLA IV Session Vol.No.165 dated 16.03.2017.